**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4452** **19-07-2022 - ൽ മറുപടിയ്ക്ക്**

**വിട്ടൂർ ഗാന്ധിഗ്രാം കോളനിയിലെ സ്വയംതൊഴിൽ പരിശീലനകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ വിട്ടൂർ ഗാന്ധിഗ്രാം പട്ടികജാതി കോളനിയിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാട്ടുള്ള ഗാന്ധിഗ്രാം ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. 2022-23 വർഷങ്ങളിൽ ജി.ഡി.എസ്.ന് വനിതാ സൗഹാർദ്ദ ശുചിത്വ സമുച്ചയം നിർമ്മിക്കുവാനായി 5,00,000/- രൂപയുടെ പദ്ധതി വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | നെല്ലാട് ഗാന്ധിഗ്രാം സൊസൈറ്റിയുടെ കീഴിൽ 18നും 40നും ഇടയിൽ പ്രായമുള്ള 12 പട്ടികജാതി യുവതികൾക്ക് തയ്യൽ പരിശീലനവും, പരിശീലനം പൂർത്തിയായവർക്ക് തയ്യൽ മെഷീൻ ഉൾപ്പെടെയുള്ള ടൂൾ കിറ്റ് വിതരണവും എല്ലാ വർഷവും നടത്തിവരുന്നു. 2022-23-ലെ പരിശീലന പദ്ധതി ആരംഭിക്കുന്നതിനു അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ